പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 145 — 15.06.2012 ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ പെൻഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ലൂഡി ലൂയിസ് | ഡോ. എം.കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും, വിപുലീകരിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | എ) യും ബി യും | സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പിലാക്കുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ, വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയുടെ പ്രതിമാസ നിരക്ക് 300 രൂപയിൽ നിന്നും 1.04.2011 മുതൽ പ്രാബല്യം നൽകി 400 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ അഗതി വിധവ പെൻഷൻ 525 രൂപയായി വർദ്ധിപ്പിക്കുമെന്നും വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം നിലവിലുള്ള 10,000 രൂപയിൽ നിന്നും 20,000 രൂപയായി ഉയർത്തുമെന്നും 80% ൽ കൂടുതലോ ഒന്നിലധികമോ അംഗവൈകല്യമുള്ളവർക്ക് വികലാംഗ പെൻഷൻ 400 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിക്കുമെന്നും 80 വയസ്സു കഴിഞ്ഞ വൃദ്ധജനങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന വാർദ്ധക്യകാല പെൻഷൻ കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന തുകയും ചേർത്ത് 400 രൂപയിൽ നിന്ന് 900 രൂപയായി ഉയർത്തുമെന്നും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി | ഏതെല്ലാം പെൻഷനുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്, വിശദാംശങ്ങൾ നൽകാമോ ; | | |

| | | | |
|---|---|---|---|
| | | | ആശ്വാസകിരണം പദ്ധതിയുടെ ധനസഹായം 01.04.2011 പ്രാബല്യത്തിൽ 400 രൂപ നിരക്കിൽ വർദ്ധിപ്പിച്ച് നൽകി. അവിവാഹിത അമ്മമാർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ നൽകി വന്ന ധനസഹായം 1000/- രൂപയായി വർദ്ധിപ്പിച്ചു . |
| സി | ഏതെല്ലാം വിഭാഗത്തിനാണ് പുതുതായി പ്രതിമാസ ധനസഹായം ഏർപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ ? | സി | വിവിധ സാഹചര്യങ്ങളിൽ ജീവിതം വഴി മുട്ടുന്നവരും സംരക്ഷിക്കാൻ ആരും ഇല്ലാതെ ഒറ്റപ്പെടുന്നവരുമായ കുട്ടികളുടെ സംരക്ഷണത്തിന് പ്രതിമാസ ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി പുതുതായി നടപ്പിലാക്കുന്നുണ്ട്. അതു പ്രകാരം 5 വയസ്സിനു താഴെയുള്ളതും ഒന്നാം ക്ലാസ്സ് മുതൽ 5- ാം ക്ലാസ്സു വരെയുള്ളതുമായ കുട്ടികൾക്ക് പ്രതിമാസം 300 രൂപ വീതവും 6 - ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് പ്രതിമാസം 500 രൂപ വീതവും 11-12 ക്ലാസിലെ കുട്ടികൾക്ക് പ്രതിമാസം 750 രൂപ വീതവും ധനസഹായം നൽകുന്നതാണ് |

R. Vijayan

സെക്ഷൻ ഓഫീസർ